# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വനിതകൾ സമൂഹത്തിൻറെ അവിഭാജ്യ ഘടകമാണെന്നും, സാമൂഹിക വികസനത്തിൽ, എല്ലാ വിഭാഗം ജനങ്ങളുടെയും വികസനം അനിവാര്യമാണെന്നും രാഷ്ട്രപതി ദ്രൗപദി മുർമു.

   **Women are an integral part of the society and the integrated development of a society is possible only through the development of all its members, says President Droupadi Murmu.**

2. കർഷകരുടെ വരുമാന വർദ്ധന ലക്ഷ്യമിട്ട്, 13,966 കോടി രൂപയുടെ ഏഴ് പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

   **Cabinet today approved seven schemes to improve farmers' lives and increase their incomes at a total outlay of 13 thousand 966 crore rupees.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണെ, സിംഗപ്പൂർ സന്ദർശനത്തിന് നാളെ തുടക്കം.

   **Prime Minister Narendra Modi will embark on a three-day visit to Brunei and Singapore tomorrow.**

4. പോലീസ് സേനയുമായി ബന്ധപ്പെട്ട പി.വി. അൻവർ എംഎൽഎയുടെ ആരോപണങ്ങളിൽ അന്വേഷണം പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. വിവാദത്തിൽ സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി പ്രതിപക്ഷ പാർട്ടികൾ.

   **Kerala Chief Minister Pinarayi Vijayan orders investigation over Nilambur MLA PV Anwar's allegations against senior police officers. Opposition parties demand the resignation of CM.**

5. ആന്ധ്രയിലും, തെലങ്കാനയിലും കനത്തമഴയിൽ വ്യാപക നാശനഷ്ടം. മഹാരാഷ്ട്രയിലും മഴക്കെടുതി രൂക്ഷം.

**Flood situation remains grim in Telangana; All efforts being made to restore normalcy in flood affected regions in Andhra Pradesh. Rain havoc continues in Maharashtra.**

6. പാരാലിമ്പിക്സ് ബാഡ്മിന്റണിൽ ഇന്ത്യയുടെ നിതേഷ് കുമാറിന് സ്വർണം. ഡിസ്കസ് ത്രോയിൽ യോഗേഷ് കത്തൂനിയയ്ക്ക് വെള്ളി.

**India's Nitesh Kumar won gold in Paralympics Badminton. Yogesh Kathunia bags silver in men's Discus Throw.**

*************

## HEADLINE – 1

### PRESIDENT

സമൂഹത്തിൻറെ സംയോജിത വികസനത്തിന്, എല്ലാ വിഭാഗം ജനങ്ങളുടെയും വികസനം അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. വനിതകൾ സമൂഹത്തിൻറെ അവിഭാജ്യ ഘടകമാണെന്നും, അവരെ അവഗണിച്ചുകൊണ്ട് ഒരു സമൂഹത്തിനും വളർച്ച കൈവരിക്കാനാകില്ലെന്നും രാഷ്ട്രപതി പറഞ്ഞു. മഹാരാഷ്ട്രയിലെ കോലാപ്പൂരിൽ ശ്രീ വാരണ വനിതാ സഹകരണ സംഘത്തിൻറെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ദാരിദ്ര്യ നിർമാർജ്ജനം, ഭക്ഷ്യസുരക്ഷ തുടങ്ങിയ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ സുപ്രധാന സംഭാവനകൾ നൽകുന്നതായും ശ്രീമതി മുർമു പറഞ്ഞു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി മഹാരാഷ്ട്രയിലെത്തിയ രാഷ്ട്രപതിയ്ക്ക് ഗവർണർ സി.പി രാധാകൃഷ്ണൻറെ നേതൃത്വത്തിൽ ഊഷ്മളമായ വരവേൽപാണ് നൽകിയത്. പൂനെയിലെ സിംബയോസിസ് കൽപിത സർവകലാശാലയുടെ 21-ാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി നാളെ പങ്കെടുക്കും. മഹാരാഷ്ട്ര ലെജിസ്ളേറ്റീവ് കൗൺസിൽ ശതാബ്ദി ആഘോഷങ്ങളിലും ശ്രീമതി മുർമു പങ്കെടുക്കും.

*************

## HEADLINE – 2

### CABINET -EARLY (INTRO)

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതും, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതും ലക്ഷ്യമിട്ട് 13,966 കോടി രൂപയുടെ ഏഴ്

പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. കൃഷിയുമായി ബന്ധപ്പെട്ട ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കൽ , കാർഷിക ഗവേഷണം, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുന്ന വിവിധ പദ്ധതികൾക്കാണ് മന്ത്രിസഭായോഗം അംഗീകാരം നൽകിയത്.

വിശദാംശങ്ങളിലേക്ക്........

**(വോയ്സ്)**

കാർഷിക മേഖലയിലെ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2,817 കോടി രൂപയുടെ ഡിജിറ്റൽ കാർഷിക ദൗത്യം ആരംഭിക്കാൻ കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു. ഭക്ഷ്യ, പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നതിന് 3,979 കോടി രൂപയുടെ പദ്ധതിക്കും മന്ത്രിസഭ അംഗീകാരം നൽകി. ഭക്ഷ്യവിളകളുടെ ജനിതക ശേഷിവർദ്ധന, കാർഷിക ഗവേഷണം തുടങ്ങി ആറ് മേഖലകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കുകയെന്ന് തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. കാർഷിക വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്താൻ 2,291 കോടി രൂപയുടെ പദ്ധതിക്കും ഇന്നുചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. കന്നുകാലി ആരോഗ്യ സംരക്ഷണം, ഉത്പാദനം, ഹോർട്ടികൾച്ചർ വികസനം എന്നിവയ്ക്കായി 1,702 കോടി രൂപയുടെ പദ്ധതിയും നടപ്പാക്കും. 1,202 കോടി രൂപ ചെലവിൽ കൃഷി വിജ്ഞാന കേന്ദ്രവും 1,115 കോടി രൂപ ചെലവിൽ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങളും ശക്തിപ്പെടുത്താനും കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു. മുംബൈയ്ക്കും ഇൻഡോറിനും ഇടയിൽ പുതിയ റെയിൽവേ ലൈനിനും മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ഗുജറാത്തിലെ സാനന്ദിൽ അർദ്ധചാലക യൂണിറ്റ് സ്ഥാപിക്കാനുള്ള കെയ്ൻസ് സെമിക്കൺ പ്രൈവറ്റ് ലിമിറ്റഡിന്റെ നിർദ്ദേശത്തിനും അംഗീകാരമായി. 3,300 കോടി രൂപ മുതൽമുടക്കിലാണ് യൂണിറ്റ് സ്ഥാപിക്കുന്നത്.

**ന്യൂസ് ഡസ്ക്, ആകാശവാണി....**

*************

## HEADLINE – 3

### PM BRUNEY

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണെ, സിംഗപ്പൂർ സന്ദർശനത്തിന് നാളെ തുടക്കം. ഇന്ത്യയും ബ്രൂണെയും തമ്മിലുള്ള നയതന്ത്രബന്ധത്തിൻറെ 40-ാം വാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം. ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രൂണെ സന്ദർശിക്കുന്നത്. ഈ മാസം 4, 5 തീയതികളിൽ അദ്ദേഹം സിംഗപ്പൂരും സന്ദർശിക്കും.

*************

### PM-BJP

ബിജെപി അംഗത്വ ക്യാമ്പയിന് മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് തുടക്കം കുറിച്ചു. പാർട്ടി അധ്യക്ഷൻ ജെ.പി.നഡ്ഡയിൽ നിന്ന് ശ്രീ നരേന്ദ്രമോദി അംഗത്വം പുതുക്കി സർട്ടിഫിക്കറ്റ് കൈപ്പറ്റിയാണ് ക്യാമ്പെയ്ൻ തുടങ്ങിയത്. ജനങ്ങളുടെ അഭിലാഷങ്ങൾക്ക് അനുസരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്ന രാഷ്ട്രീയ പാർട്ടിയാണ് ബിജെപിയെന്ന് ശ്രീ മോദി ചടങ്ങിൽ പറഞ്ഞു. ബിജെപി ദേശീയ പ്രസിഡൻറും കേന്ദ്രമന്ത്രിയുമായ ജെ.പി നഡ്ഡ, മുതിർന്ന നേതാക്കളായ അമിത് ഷാ, രാജ്നാഥ് സിംഗ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഈമാസം 25 വരെയാണ് ക്യാമ്പയിന്റെ ആദ്യഘട്ടം.

*************

## HEADLINE – 4

### M R AJITHKUMAR - CM

പോലീസ് സേനയുമായി ബന്ധപ്പെട്ട പി.വി. അൻവർ എംഎൽഎയുടെ ആരോപണങ്ങളിൽ അന്വേഷണം പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കേസ് ഡിജിപി റാങ്കിലുള്ള ഉദ്യോഗസ്ഥൻ അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇതിൻറെ ഭാഗമായി എഡിജിപി എം.ആർ.അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽനിന്നു നീക്കിയേക്കും. രാവിലെ, മുഖ്യമന്ത്രിയും, സംസ്ഥാന പോലീസ് മേധാവിയും തമ്മിൽ നടത്തിയ

കൂടിക്കാഴ്ചയ്ക്ക് പിന്നാലെയാണ് അന്വേഷണം പ്രഖ്യാപിച്ചത്. ആരോപണവിധേയനായ പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി എസ്.സുജിത്ദാസിനെ സസ്പെൻഡ് ചെയ്തു. പി.വി.അൻവർ എം.എൽ.എയുമായി സുജിത്ദാസ് നടത്തിയ വിവാദ ഫോൺ സംഭാഷണത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. മുഖ്യമന്ത്രിയുടെ ഓഫീസിനെതിരായ ആരോപണങ്ങൾ ഗുരുതരമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പ്രതികരിച്ചു. അന്വേഷണം സി.ബി.ഐയ്ക്ക് കൈമാറണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. പിണറായി സർക്കാരിന് അധികാരത്തിൽ തുടരാൻ അവകാശമില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ വിമർശനം ഉന്നയിച്ചു.

*************

## SUPPLYCO

സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സെപ്റ്റംബർ അഞ്ച് മുതൽ 14 വരെയാണ് മേള. 13 ഇനം ആവശ്യ സാധനങ്ങളുടെ ലഭ്യത സപ്ലൈകോയുടെ ഓണം ഫെയറുകളിലും മറ്റ് ഔട്ട്ലെറ്റുകളിലും ഉറപ്പാക്കുമെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു. കൺസ്യൂമർ ഫെഡ് ഓണം വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം വെള്ളിയാഴ്ച മുഖ്യമന്ത്രി നിർവഹിക്കും. സെപ്റ്റംബർ ഏഴ് മുതൽ 14 വരെയാണ് ഓണം വിപണികൾ പ്രവർത്തിക്കുക.

*************

## WAYANADU – V SIVANKUTTY

നവീന സൗകര്യങ്ങളോടെ വയനാട് വെള്ളാർമല- മുണ്ടക്കൈ സ്കൂളുകൾ പുനർനിർമ്മിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട സ്കൂൾ കെട്ടിടങ്ങളും കളിസ്ഥലങ്ങളും ദുരിതാശ്വാസ പാക്കേജിലുൾപ്പെടുത്തി വീണ്ടെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. വെള്ളാർമല, മുണ്ടക്കൈ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പുന:പ്രവേശനോത്സവം മേപ്പാടി ഗവ. ഹയർസെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

*************

## J AND K TERROR ATTACK

ജമ്മുവിലെ സുൻജ്വാൻ സൈനിക ക്യാമ്പിന് നേരെയുണ്ടായ ഭീകരാക്രമണത്തിൽ ഒരു സൈനികന് വീരമൃത്യു. സൈന്യവും ശക്തമായി തിരിച്ചടിച്ചു. പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്. സ്നൈപ്പർ പോലുള്ള ആയുധങ്ങൾ ഉപയോഗിച്ചുള്ള ആക്രമണമാകാം ഉണ്ടായതെന്ന് സൈനിക വൃത്തങ്ങൾ വ്യക്തമാക്കി.

*************

## HEADLINE – 5

## TELANGANA RAIN

തെലങ്കാനയിൽ കനത്ത മഴയിൽ നിരവധി താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. സംസ്ഥാനത്ത് 16 പേർ മഴക്കെടുതികളിൽ മരിച്ചതായാണ് റിപ്പോർട്ട്. ദുരിതബാധിത പ്രദേശങ്ങളിൽ താമസിക്കുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റിയിട്ടുണ്ട്. റോഡ് ഗതാഗതത്തെയും, 400-ഓളം ട്രെയിൻ സർവീസുകളെയും മഴ സാരമായി ബാധിച്ചു.

*************

## ANDHRA CM FLOOD

വിജയവാഡയിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ.ചന്ദ്രബാബു നായിഡു സന്ദർശിച്ചു. കൃഷ്ണലങ്ക, ഇബ്രാഹിംപട്ടണം, ഫെറി, ജുപുടി, മൂലപ്പാട് തുടങ്ങി വെള്ളപ്പൊക്കം സാരമായി ബാധിച്ച മേഖലകളാണ് അദ്ദേഹം സന്ദർശിച്ചത്. മേഖലയിൽ 126-അംഗ NDRF സംഘം രക്ഷാപ്രവർത്തനം തുടരുകയാണ്.

*************

## MAHA RAIN

മഹാരാഷ്ട്രയിലും കനത്തമഴ മറാത്തവാഡ മേഖലയിൽ ജനജീവിതം ദുരിതത്തിലാക്കി. പർഭാനി, നന്ദേഡ്, ബീഡ് ജില്ലകളിൽ കടുത്ത ദുരിതമാണ് മഴയെത്തുടർന്ന് അനുഭവപ്പെടുന്നത്.

*************

## HEADLINE – 6

## PARALYMPIC UPDATE

പാരാലിമ്പിക്സ് അഞ്ചാം ദിനത്തിൽ ഇന്ത്യക്ക് സ്വർണമെഡൽ നേട്ടം. പുരുഷ സിംഗിൾസ് SL3 ബാഡ്മിന്റണിൽ ഇന്ത്യയുടെ നിതേഷ് കുമാർ ആണ് സ്വർണം നേടിയത്. ഇതോടെ 2 സ്വർണ്ണവും, 3 വെള്ളിയും, 4 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ മെഡൽ നില 9 ആയി. പാരീസ് പാരാലിമ്പിക്സ് ൻ്റെ 5-ാം ദിവസം, പുരുഷന്മാരുടെ ഡിസ്കസ് ത്രോയിൽ ഇന്ത്യയുടെ യോഗേഷ് കത്തൂനിയ വെള്ളിമെഡൽ നേടി. വനിത സിംഗിൾസ് എസ്‌യു5 ബാഡ്മിൻ്റണിൽ ഫൈനലിലെത്തിയ തുളസിമതി മുരുഗേശൻ ഇന്ത്യക്കായി ഒരു മെഡൽ കൂടി ഉറപ്പിച്ചിട്ടുണ്ട്. പാരാ ഷൂട്ടിംഗിൽ നിഹാൽ സിങ്ങും അമീർ അഹമ്മദ് ഭട്ടും P3 - മിക്സഡ് 25 മീറ്റർ പിസ്റ്റൾ SH1 മത്സരത്തിൽ ഇന്നിറങ്ങും.

*************

## STOCK CLOSE+ GOLD RATE

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഒഹരി സൂചിക സെൻസക്സ് 194 പോയിൻറ് ഉയർന്ന് 82,559- ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 37 പോയിൻറ് നേട്ടത്തിൽ 25,273-ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. ഗ്രാമിന് 25 രൂപ താഴ്ന്ന് 6,670 രൂപയും, പവന് 200 കുറഞ്ഞ് 53,360 രൂപയുമാണ് ഇന്നത്തെ വില.

*************

## SC SAMBHU BORDER

പഞ്ചാബ്-ഹരിയാന അതിർത്തിയായ ശംഭുവിൽ സമരം ചെയ്യുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക സമിതിക്ക് സുപ്രീം കോടതി രൂപം നൽകി. പഞ്ചാബ്-ഹരിയാന ഹൈക്കോടതി മുൻ ജഡ്ജി, ജസ്റ്റിസ് നവാബ് സിംഗ് അധ്യക്ഷനായ സമിതിയെയാണ് ഇതിനായി നിയോഗിച്ചത്. കമ്മിറ്റിയുടെ ആദ്യ യോഗം ഒരാഴ്ചയ്ക്കകം നടത്താനും സുപ്രീം കോടതി നിർദേശിച്ചു. ശംഭു അതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള ബാരിക്കേഡുകൾ നീക്കം

ചെയ്യണമെന്ന ഹൈക്കോടതി ഉത്തരവിനെ ചോദ്യം ചെയ്തുള്ള ഹരിയാന സർക്കാരിൻ്റെ ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി.

*************

## J AND K: LANDSLIDE

ജമ്മു കശ്മീരിൽ പാഞ്ചി ഹെലിപാഡിന് സമീപം മാതാ വൈഷ്ണോദേവി ക്ഷേത്രത്തിലേക്കുള്ള വഴിയിൽ ഇന്ന് ഉച്ചയോടെ ഉണ്ടായ മണ്ണിടിച്ചിലിൽ രണ്ട് മരണം. വനിതകളായ തീർത്ഥാടകരാണ് മരണമടഞ്ഞത്.

*************

*********

***